**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1621** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഏറനാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഏറനാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന കീഴുപ്പറമ്പ്, ഊർങ്ങാട്ടിരി, എടവണ്ണ,കാവനൂർ, അരീക്കോട്, കുഴിമണ്ണ, ചാലിയാർ എന്നീ പഞ്ചായത്തുകളെയാണ് കേരഗ്രാമംപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | തെങ്ങിന് തടം തുറക്കൽ, ചകിരി/തൊണ്ട് അടുക്കൽ, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ജൈവവളം, രാസവളം, കുമ്മായം എന്നിവ തെങ്ങിന് ലഭ്യമാക്കൽ, സൂക്ഷ്മമൂലകങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തൽ, ജലസേചന സൗകര്യമൊരുക്കൽ, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, രോഗബാധ തടയുന്നതിന് വേണ്ടി കീടനാശിനി പ്രയോഗം, തെങ്ങുകയറ്റ യന്ത്രം അനുവദിക്കുക, തുടങ്ങിയവ 50% സബ്സിഡിയിൽ ഈ പദ്ധതിയിൽ കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ പ്രായാധിക്യം വന്നതും രോഗബാധയുള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുക, ജൈവവള യൂണിറ്റുകളുടെ നിർമ്മാണം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവ കേരഗ്രാമ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികളാണ്.<br><br><u>കേരഗ്രാമം ഒന്നാം വർഷം -</u>100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമത്തിന് താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.<br>**1..**സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19,200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന സംയോജിത പരിചരണമുറകൾ പ്രാദേശിക ആവശ്യാനുസരണം തെരെഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു<br>(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - |

.........35രൂപ/തെങ്ങ്
(b) തൊണ്ട് അടുക്കൽ - 50 രൂപ/തെങ്ങ്
(c) ഇടവിള കൃഷി - 6000രൂപ ഹെക്ടറിന്
(d)....സംയോജിത വളപ്രയോഗം

.i)കുമ്മായം - 9രൂപ/തെങ്ങ്
ii)രാസവളം/ജീവാണുവളങ്ങൾ -

20രൂപ/തെങ്ങ്

.iii)മഗ്നീഷ്യംസൾഫേറ്റ് - 3.75രൂപ/തെങ്ങ്
1v)ജൈവവളം - 25രൂപ/തെങ്ങ്

(e)സംയോജിതസസ്യസംരക്ഷണം

i)സസ്യസംരക്ഷണം - 10രൂപ/തെങ്ങ്

ii)കീടനാശിനി പ്രയോഗം (ആവശ്യാനുസരണം)

ജൈവീക നിയന്ത്രണ ഉപാധികൾ

പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്
f).രോഗം ബാധിച്ചതും ഉൽപ്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്-1000 രൂപ/തെങ്ങ്
g).ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ്
**2.** സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 2.5ലക്ഷം.രൂപ.
**3.** 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.
**4**..ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.
**5..**പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.
**6..**മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.
**7..**കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.
**8..**താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം.

പരിചരണ മുറകൾക്കായി 19.2 ലക്ഷം രൂപയും
2 മുതൽ 7 വരെ ഉള്ള ഘടകങ്ങൾക്കു 6.47 ലക്ഷം

| | | | |
|---|---|---|---|
| | | | രൂപ നൽകുന്നു. ആകെ 25.67 ലക്ഷം രൂപ ഒന്നാം വർഷം ഒരു കേരഗ്രാമത്തിനു നൽകുന്നു.<br>കേരഗ്രാമം-രണ്ടാം.വർഷം:<br>രണ്ടാം വർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് മേൽപ്പറഞ്ഞ സംയോജിത വളപ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ ധനസഹായം നൽകുന്നു.<br>കേരഗ്രാമം-മൂന്നാം.വർഷം:<br>മൂന്നാം വർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് സംയോജിത വള പ്രയോഗത്തിനായി 4.00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ധനസഹായം നൽകുന്നു |
| (സി) | മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി ആരഭിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | മണ്ഡലത്തിൽ പുതുതായി കേരഗ്രാമം പദ്ധതികൾ ഈ വർഷം ആരംഭിക്കുന്നില്ല. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്ത് നാളികേര കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ ? | (ഡി) | 2014-15 വർഷത്തിൽ ആരംഭിച്ച കേരഗ്രാമം പദ്ധതി ഇപ്പോഴും തുടരുന്നു. സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരെ സഹായിക്കാൻ നാളികേര വികസന പദ്ധതി ഘടകമായി കേരഗ്രാമം നടപ്പിലാക്കി വരുന്നു. സമഗ്ര തെങ്ങു കൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്.<br><br>2023-24 വരെ 474 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 110260 ഹെക്ടർ സ്ഥലത്തെ തെങ്ങുകളുടെ പുനരുദ്ധാരണം നടപ്പിലാക്കുവാൻ സാധിച്ചു. നാളികേരത്തിന്റെ ഉത്പാദനക്ഷമത കൂട്ടുന്നതിനുള്ള പ്രധാന പങ്കു വഹിക്കുന്നത് തെങ്ങിന്റെ ജലസേചനമാണ്. ജലസേചന പമ്പ്സെറ്റുകൾ നൽകിയതിലൂടെ 8637.05 ഹെക്ടർ സ്ഥലത്തു ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചു. 30866 തെങ്ങു കയറ്റ യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാൻ സാധിച്ചു. ഗുണനിലവാരമുള്ള ജൈവവളകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് 2639 ജൈവവള യൂണിറ്റുകൾ ആരംഭിച്ചു.<br><br>കേരഗ്രാമങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സംസ്ഥാന കാർഷികവില നിർണയ ബോർഡിനെ ചുമതലപ്പെടുത്തുകയും പഠന റിപ്പോർട്ട് പ്രകാരം കേരഗ്രാമം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ നാളികേരത്തിന്റെ ഉത്പാദനക്ഷമത കൂടിയിട്ടുള്ളതായി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ